

## Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

# കുപ്രസിദ്ധ ഭണ്ഡാര മോഷ്ടാവ് രാജ് എന്ന ദൈവം രാജ് പിടിയിൽ

കൊല്ലങ്കോട്, ചിറ്റൂർ മേഖലകളിൽ സ്ഥിരമായി അമ്പലങ്ങളിലെ ഭണ്ഡാരം കുത്തി തുറന്നു മോഷണം നടത്തി നാട്ടുകാരുടെയും പോലീസിന്റെയും ഉറക്കം കെടുത്തിയ പ്രതി തമിഴ്നാട് ഉദുമൽപേട്ട അന്തിയൂർ സ്വദേശി രാജ് S\O ചിന്നസ്വാമി ആണ് കുഴൽമന്ദം പോലീസിന്റെ പിടിയിലായത്. ഭണ്ഡാരങ്ങൾ മാത്രം കുത്തിത്തുറക്കുന്നതിനാലാണ് ഇവന് ദൈവം രാജ് എന്ന പേര് വന്നത്.

## കുപ്രസിദ്ധ മോഷ്ടാവ് ദൈവം രാജ് പിടിയിൽ

ആലത്തൂർ: കുഴൽമന്ദം, കൊല്ലങ്കോട്, ചിറ്റൂർ മേഖലകളിൽ അമ്പലങ്ങളിലെ ഭണ്ഡാരം കുത്തിത്തുറന്ന് മോഷണം നടത്തുന്ന ഉദുമൽപേട്ട അന്തിയൂർ സ്വദേശി രാജ് എന്ന ദൈവം രാജ് പിടിയിൽ.

സമാന മോഷണം നടത്തിയതിനു രണ്ടുവർഷം ജയിൽശിക്ഷ കഴിഞ്ഞ് 2018 പുറത്തിറങ്ങിയതിനു ശേഷം പ്രതി കൊല്ലങ്കോട്, കുഴൽമന്ദം, ചിറ്റൂർ ഭാഗങ്ങളിൽ നിരവധി അമ്പലങ്ങളിലെ ഭണ്ഡാരങ്ങളാണ് പൊളിച്ച് പണം കവർന്നത്. മോഷണം നടത്തിയ ശേഷം തമിഴ്നാട് അതിർത്തി കടക്കുകയാണ് പ്രതിയുടെ പതിവ്.

സെപ്റ്റംബർ 28ന് തേങ്കുറുശ്ശി തായങ്കാവ് ഭഗവതി ക്ഷേത്രത്തിലെ ഭണ്ഡാരം പൊളിച്ച് 14,000ത്തിലധികം രൂപ കവർന്നിരുന്നു. കേസിൽ പോലിസ് സി.സി.ടി.വി ദൃശ്യങ്ങളുടെ സഹായത്തോടെ പ്രതിയെ തിരിച്ചറിഞ്ഞിരുന്നു.

റെയിൽവേ സ്റ്റേഷനുകളിലും ബസ്സ്റ്റാൻഡുകളിലും തമിഴ്നാട് അതിർത്തി പ്രദേശങ്ങളിലും പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് പ്രതിയെ അന്വേഷിച്ചുവരികയായിരുന്നു. തായങ്കാവ് ക്ഷേത്രത്തിൽ നിന്ന് ഭണ്ഡാരം പൊളിച്ച് മോഷ്ടിച്ച ശേഷം പഴനി, പൊള്ളാച്ചി എന്നിവടങ്ങളിൽ ആർഭാട ജീവിതം നയിച്ച് വീണ്ടും മോഷണത്തിനായി പാലക്കാട്ടേക്ക് എത്തിയപ്പോഴാണ് ലെവക്കോട് റെയിൽവേ സ്റ്റേഷൻ പരിസരത്തുവച്ച് പ്രത്യേക അന്വേഷണ സംഘം പ്രതിയെ പിടികൂടിയത്. പ്രതിയെ സ്ഥലത്തെത്തിച്ച് തെളിവെടുപ്പ് നടത്തി. കൊല്ലങ്കോട് സ്റ്റേഷൻ പരിധിയിൽ നാലു ഭണ്ഡാരങ്ങളും ചിറ്റൂർ പൊലിസ് സ്റ്റേഷൻ പരിധിയിൽ രണ്ടു ഭണ്ഡാരങ്ങളും പൊളിച്ച് മോഷണം നടത്തിയതായി പ്രതി സമ്മതിച്ചിട്ടുണ്ട്. രാത്രി കാലങ്ങളിൽ ഒറ്റയ്ക്ക് ക്ഷേത്രങ്ങളിലെത്തി പരിസരത്തുനിന്ന് കിട്ടുന്ന കമ്പി, മറ്റ് ആയുധങ്ങൾ എന്നിവ ഉപയോഗിച്ച് ഭണ്ഡാരം പൊളിച്ച് മോഷണം നടത്തുകയാണ് ഇയാളുടെ രീതി.

ഇയാൾ ആലത്തൂർ ഭാഗത്തെ ഭണ്ഡാരമോഷണ കേസിലും പ്രതിയാണ്. കൂടുതൽ കേസുകൾ സംസ്ഥാനത്തിനകത്തും പുറത്തും ഉണ്ടോയെന്ന് അന്വേഷിച്ചുവരികയാണ് പൊലിസ്.

ആലത്തൂർ ഡിവൈ.എസ്.പി കെ.എം ദേവസ്യയുടെ പ്രത്യേക നിർദേശപ്രകാരം കുഴൽമന്ദം സി.ഐ പി. അബ്ദുൽ മുനീർ, എസ്.ഐ എ. അനൂപ്, എ.എസ്.ഐമാരായ സി.കെ സുരേഷ്, ജെലാവുദ്ദീൻ, സീനിയർ സിവിൽ പൊലിസ് ഓഫിസർ താജുദ്ദീൻ, റഹിം മുത്തു, സൂരജ് ബാബു, രാജിദ്, ദിലീപ്, ഷമീർ, വിനീഷ് എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

സമാന മോഷണം നടത്തിയതിനു രണ്ടു വർഷം ജയിൽ ശിക്ഷ കഴിഞ്ഞു 2018 പുറത്തിറങ്ങിയതിന് ശേഷം പ്രതി കൊല്ലങ്കോട്, കുഴൽമന്ദം, ചിറ്റൂർ ഭാഗങ്ങളിൽ നിരവധി അമ്പലങ്ങളിലെ ഭണ്ഡാരങ്ങളാണ് പൊളിച്ചു പണം കവർന്നത്. മോഷണം നടത്തിയ ശേഷം പ്രതി തമിഴ്നാട് അതിർത്തി കടക്കുകയാണ് പതിവ്. മോഷണത്തിനായി പ്രതി തമിഴ്നാട് പൊള്ളാച്ചി ഭാഗത്തു നിന്നും ട്രെയിനിൽ വന്നിറങ്ങി മോഷണം നടത്തി തിരിച്ചു ട്രെയിനിൽ പോകുന്നതാണ് പതിവ്.

സെപ്തംബർ 28ന് തേങ്കുറുശ്ശി തായങ്കാവ് ഭഗവതി ക്ഷേത്രത്തിലെ ഭണ്ഡാരം പൊളിച്ച് പതിനായിരത്തിലധികം രൂപ കവർന്നതിനെ തുടർന്ന് CCTV ദൃശ്യങ്ങളുടെ സഹായത്തോടെ പ്രതിയെ മനസിലാക്കി റെയിൽവേ സ്റ്റേഷനുകളിലും, ബസ് സ്റ്റാന്റുകളിലും, തമിഴ്നാട് അതിർത്തി പ്രദേശങ്ങളിലും പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് പ്രതിയെ അന്വേഷിച്ചു വരികയായിരുന്നു. തായങ്കാവ് ക്ഷേത്രത്തിൽ നിന്നും ഭണ്ഡാരം പൊളിച്ച് മോഷ്ടിച്ച ശേഷം പഴനി, പൊള്ളാച്ചി എന്നിവടങ്ങളിൽ കറങ്ങി നടന്ന് ആർഭാട ജിവിതം നയിച്ച് പണം ചെലവാക്കി വീണ്ടും മോഷണത്തിനായി പാലക്കാട്ടേക്ക് എത്തിയപ്പോഴാണ് ഒലവക്കോട് റെയിൽവേ സ്റ്റേഷൻ പരിസരത്ത് വെച്ച് പ്രത്യേക അന്വേഷണ സംഘം പ്രതിയെ പിടി കൂടിയത്.

ആലത്തൂർ ഡി.വൈ.എസ്.പി. കെ .എം. ദേവസ്യയുടെ പ്രത്യേക നിർദ്ദേശപ്രകാരം കുഴൽമന്ദം സി.ഐ.അബ്ദുൾ മുനീർ.പി., എസ്.ഐ. അനൂപ്. എ., എ.എസ്.ഐ മാരായ സി.കെ. സുരേഷ്, ജൈലാവുദ്ധീൻ , സീനിയർ സിവിൽ പോലീസ് ഓഫീസർ താജുദ്ധീൻ , പ്രത്യേക അന്വേഷണ സംഘത്തിൽപ്പെട്ട റഹിം മുത്തു, സൂരജ് ബാബു. യു, രാജിദ് .ആർ . ദിലീപ്.കെ., ഷമീർ .എസ് ., വിനീഷ്.ആർ എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

..............................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT